**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ പ്രിൻസി ചന്ദ്രൻ (**Dr Princy Chandran**), ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. കാരണം കാണിക്കൽ നോട്ടീസ് നമ്പർ **DHS/6304/2025-EA4** തീയതി. **17.02.2026**

2. എ5- **8922/2018**/ജിമെആ വയനാട് തീയതി. **04.08.2018**

3. ഇഎ4- **80023/2018**/ആവഡ തീയതി **22.11.2018**

4. ഡോ പ്രിൻസി ചന്ദ്രൻ സമർപ്പിച്ച അപേക്ഷ തീയതി **26.10.2019**

5. ഇഎ4- **80023/2018**/ആവഡ തീയതി **16.11.2019**

**ഉത്തരവ് നം. DHS/6304/2025-EA4 തീയതി.14-07-2026**

വയനാട് സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ സേവനത്തിലിരിക്കവെ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ പ്രിൻസി ചന്ദ്രൻ (**Dr Princy Chandran**), ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും **1958** ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം **II** ചട്ടം **19 (a) (ii)** പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയക്കുകയും ചെയ്തുവെങ്കിലും അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകുകയോ മറുപടി

ലഭ്യമാകുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഡോ പ്രിൻസി ചന്ദ്രന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് ഡോ പ്രിൻസി ചന്ദ്രൻ (Dr Princy Chandran), ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)ന്, എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ ആവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Meenakshy V
Date: 14-07-2026
18:30:44

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Princy Chandran,**

**Muthirakalayil (H), Kalathoor,**

**Kalathoor (PO) Kottayam- 686633**

(വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ

**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

DHS/6304/2025-EA4 തീയതി. 17-02-2026

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്-ഡോ പ്രിൻസി ചന്ദ്രൻ (Dr Princy Chandran), ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

പരാമർശം: 1. എ5/8922/2018/ജിമെആ വയനാട് തീയതി 04.08.2018

2 ഇഎ4- 80023/2018/ആവഡ തീയതി 22.11.2018

3. ഡോ പ്രൻസി ചന്ദ്രൻ സമർപ്പിച്ച അപേക്ഷ തീയതി 26.10.2019

4. ഇഎ4- 80023/2018/ആവഡ തീയതി 16.11.2019.

ഡോ പ്രിൻസി ചന്ദ്രൻ (Dr Princy Chandran)എന്ന താങ്കൾ വയനാട് സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ സേവനത്തിലിരിക്കവെ 13.05.2018 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നതിനാൽ 1958 ലെ കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പരാമർശം (3) പ്രകാരം ഡോ പ്രിൻസി ചന്ദ്രൻ മറുപടി സമർപ്പിച്ചു. തിരികെ സേവനത്തിൽ പ്രവേശിക്കണമെന്ന് താങ്കൾ ആവശ്യപ്പെട്ടിരുന്നതിനാൽ ടി വിവരം സർക്കാരിലേയ്ക്ക് അറിയിച്ചു.

അച്ചടക്കനടപടിയ്ക്കു വിധേയമായി തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് അടിയന്തരമായി നിശ്ചിത മാതൃകയിൽ ബോണ്ട് സഹിതം സമർപ്പിക്കുന്ന അപേക്ഷ പരിഗണിക്കുന്നതിന് നർദ്ദേശം ലഭിച്ചു. ഡോ പ്രിൻസി ചന്ദ്രന്റെ ഭാഗത്തു നിന്നും തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിനാവശ്യമായ മറ്റ് തുടർ നടപടികൾ ഉണ്ടായിട്ടില്ല. **12.03.2018** തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. **13.05.2018** മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ കാരണങ്ങൾ ബോധിപ്പിക്കുന്നതിന് താങ്കൾക്ക് കഴിഞ്ഞിട്ടില്ല. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19 (a) (ii)** പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കുന്നതിന് ഒരു അവസരം കൂടി നൽകുന്നു. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 17-02-2026
15:55:10

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Princy Chandran,**

**Muthirakalayil(H), Kalathoor,**

**Kalathoor P O, Kottayam- 686633**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ

തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
വയനാട്.

3. സൂപ്രണ്ട്,
താലൂക്കാശുപത്രി സുൽത്താൻ ബത്തേരി, വയനാട്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ